
# സ്മൃതി

## ശതോത്തര രജതജൂബിലി സ്മരണിക




**വിസിറ്റേഷൻ കോൺഗ്രിഗേഷൻ, കോട്ടയം**

**SMRUTHI**
**Shathotthara Rajatha Jubilee Smaranika**

**Published by:**
Visitation Congregation

**Chief Editor**
Sr. Sunitha SVM

**Design & Layout**
Catholic Mission Press, Kottayam
Ph: 9539183832, 9544194148

Copyright Reserved
Published on Easter Sunday 2018
(For private circulation only)



ഹിതരായിരുന്നു. അനേക മക്കൾക്ക് അക്ഷര വെളിച്ചവും ദൈവീക ചൈതന്യവും പകർന്നു കൊടുത്ത് ഇന്നു സ്വർഗത്തിലായിരിക്കുന്ന നമ്മുടെ സ്നേഹമുള്ള ലിറ്റീഷ്യാമ്മയായിരുന്നു ആദ്യത്തെ പ്രിൻസിപ്പൽ.

കുട്ടികളുടെ എണ്ണം വർധിച്ചതോടുകൂടി പുതിയ സ്കൂൾ കെട്ടിടം പണിയേണ്ടതായി വന്നു. അതിനായി കൂട്ടപ്ലാക്കിൽ ജോസുകുട്ടിയുടെ മൂന്നേക്കർ മുപ്പത്തിയെട്ടു സെന്റ് സ്ഥലം വാങ്ങി. 2005 ജൂലൈ 31-ാം തീയതി അഭി. കുന്നശ്ശേരി പിതാവ് സ്കൂൾ കെട്ടിടത്തിനു തറക്കല്ലിട്ടു. അഭി. മൂലക്കാട്ടു പിതാവും സുപ്പീരിയർ ജനറൽ സി. പോളിൻ, റീജിയണൽ സുപ്പീരിയർ സി. ഷന്താൾ, മറ്റ് സഹോദരിമാർ, ഇടവകക്കാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. 2006 ജൂൺ 5 ന് പൂർത്തിയാക്കിയ സ്കൂൾ കെട്ടിടം അഭി. ജോസഫ് പണ്ടാരശ്ശേരിൽ പിതാവു വെഞ്ചരിച്ച് സന്ദേശം നല്കി. സി. ഇമാക്കുലേറ്റ് ആയിരുന്നു അന്നത്തെ പ്രിൻസിപ്പൽ.

കൂടുതൽ ക്ലാസ് മുറികളും ഓഡിറ്റോറിയവും ആവശ്യമായി വന്നതിനാൽ പുതിയ കെട്ടിടത്തിന് 2016 ഫെബ്രുവരി 2 -ാം തീയതി ബഹു. കരിമ്പിൽ ലൂക്കാച്ചൻ തറക്കല്ലിട്ടു. പണി പൂർത്തിയാക്കിയ കെട്ടിടം 2017 ജൂലൈ 3-ാം തീയതി ബഹു. ബാബു പാറത്തോട്ടുംകര അച്ചൻ വെഞ്ചരിച്ച് പ്രവർത്തനം ആരംഭിച്ചു. പ്ലേ സ്കൂൾ തുടങ്ങി പത്താം ക്ലാസ്സുവരെ 900 കുട്ടികൾ പഠനം നടത്തിക്കൊണ്ടിരിക്കുന്നു. പ്രിൻസിപ്പൽ സി. തോമസിന്റെയും മാനേജർ സി. സിറില്ലയുടെയും നേതൃത്വത്തിൽ സ്കൂൾ ഉത്തരോത്തരം പുരോഗമിക്കുന്നതിൽ ദൈവത്തിനു നന്ദി പറയാം.

# സ്വദേശ വിദേശ മിഷനുകൾ

## വന്ദന ഭവൻ

## ഭഗവാൻപുര, ഖാണ്ഡുവ

**വി**സിറ്റേഷൻ സിസ്റ്റേഴ്സ് കേരളത്തിനു പുറത്ത് ആദ്യമായി മിഷൻ പ്രവർത്തനം ആരംഭിച്ചത് ഖാണ്ഡുവ രൂപതയിലാണ്. അന്ന് അവിടുത്തെ ബിഷപ്പ് ആയിരുന്ന അഭിവന്ദ്യ അബ്രാഹം വിരുത്തിക്കുളങ്ങര പിതാവിന്റെ വലിയ ആഗ്രഹത്തിന്റെയും തീവ്രമായ പരിശ്രമത്തിന്റെയും ഫലമാണ് ഖാണ്ഡുവ മിഷൻ. പിതാവിന്റെ ഈ ആഗ്രഹം അഭി. കുന്നശ്ശേരി പിതാവിനെ അറിയിക്കുകയും അന്നത്തെ മദർ ജനറൽ ആയിരുന്ന ബ. സാവ്യോമ്മയുമായി ആലോചിച്ച് മിഷൻ ഭവനം തുടങ്ങാൻ തീരുമാനമെടുക്കുകയും ചെയ്തു. അങ്ങനെ 1983 സെപ്റ്റംബർ 15-ാം തീയതി നേഴ്സസ് ആയിരുന്ന സി. മേരി മാത്യൂസ്, സി. അനിജ എന്നിവരെ മിഷൻ സേവനത്തിനായി അയച്ചു. അവർ 20-ാം തീയതി മുതൽ സേന്തുവായിലുള്ള കരുണാ ഹോസ്പിറ്റലിൽ സേവനം ചെയ്യുവാനും ഭാഷ പഠിക്കുവാനും ആരംഭിച്ചു.

താമസിയാതെ ഖാണ്ഡുവായിൽ നിന്നും 35 കിലോമീറ്റർ അകലെയുള്ള ഭഗവാൻപുര എന്ന

### നാൾവഴികളിലൂടെ...

1983 സെപ്റ്റംബർ 15 – മിഷൻ സേവനത്തിനായി പുറപ്പെട്ടു.

1983 സെപ്റ്റംബർ 20 – സേന്തുവായിലുള്ള കരുണാ ഹോസ്പിറ്റലിൽ സേവനം.

1984 ഏപ്രിൽ 3 – ഭഗവാൻപുരയിൽ ശിലാസ്ഥാപനം

1984 ഓഗസ്റ്റ് 21 – വെഞ്ചിരിപ്പ് – അഭിവന്ദ്യ ആർച്ച് ബിഷപ്പ് എബ്രാഹം വിരുത്തിക്കുളങ്ങര

1985 ജനുവരി 24 – ഡിസ്പെൻസറി

1989 ജൂലൈ 13 – നവീകരിച്ച മഠത്തിന്റെ വെഞ്ചിരിപ്പ്

1990 – നഴ്സറി സ്കൂൾ

2014 – വന്ദന ഇംഗ്ലീഷ് മീഡിയം കോൺവെന്റ് സ്കൂൾ



സ്ഥലത്ത് വിസിറ്റേഷൻ ഭവനം തുടങ്ങുന്നതിനായി 1984 ഏപ്രിൽ 3-ാം തീയതി ഖാണ്ഡുവാ ബിഷപ്പ് അഭിവന്ദ്യ അബ്രാഹം വിരുത്തിക്കുളങ്ങര പിതാവ് മഠത്തിന്റെ ശിലാസ്ഥാപനം നടത്തി. പണി പൂർത്തിയായ ഭവനം ആഗസ്റ്റ് 21-ാം തീയതി വി. പത്താം പീയൂസിന്റെ തിരുനാൾ ദിവസം പിതാവ് തന്നെ വെഞ്ചരിച്ചു. അന്നുമുതൽ സി. അനിജ, സി. മേരി മാത്യൂസ്, സി. എൽസിറ്റ, സി. മേരിലറ്റ് എന്നിവർ അവിടെ താമസം തുടങ്ങി.

ചികിത്സാ സൗകര്യങ്ങൾ ഒന്നും ഇല്ലാതിരുന്ന അക്കാലത്ത് 1985 ജനുവരി 24 ന് മഠത്തോട് ചേർന്ന് ഒരു ഡിസ്പൻസറി ആരംഭിച്ചു. ബ. മൈക്കിളമ്മ മദർ ജനറൽ ആയിരുന്ന സമയത്ത് കൂടുതൽ താമസസൗകര്യങ്ങളോടെ മഠം പുനർനിർമ്മാണം നടത്തി. 1989 ജൂലൈ 13 ന് വെഞ്ചരിച്ച് താമസം തുടങ്ങി. അതോടൊപ്പം ഹെൽത്ത് കെയർ വിപുലീകരിച്ച് സൗകര്യപ്രദമാക്കി. അന്നുമുതൽ ഇന്നുവരെ ഫാ. ഡോ. പാട്രിക് എസ്.വി.ഡി. ഡോക്ടറായി നിസ്വാർത്ഥ സേവനം ചെയ്തുവരുന്നു.

വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ലാതിരുന്ന ആ പ്രദേശത്ത് 1990 ൽ നഴ്സറി സ്കൂൾ ആരംഭിച്ചു. 1991 ൽ രൂപതയിൽ നിന്നും നഴ്സറിക്കായി ഒരു കെട്ടിടം പണിത് തരുകയും 40 കുട്ടികളോടുകൂടി ആദ്യത്തെ ബാച്ച് ആരംഭിക്കുകയും ചെയ്തു. ചുറ്റുമുള്ള അഞ്ച് വില്ലേജുകളിൽ നിന്നായി കാളവണ്ടിയിൽ ആണ് കുട്ടികൾ വന്നിരുന്നത്. 2014 ൽ ഈ നഴ്സറി സ്കൂൾ, വന്ദന ഇംഗ്ലീഷ് മീഡിയം കോൺവെന്റ് സ്കൂൾ ആയി ഉയർത്തി. സ്കൂൾ ബസിലാണ് കുട്ടികൾ ഇപ്പോൾ സ്കൂളിൽ എത്തുന്നത്.

1984 മുതൽ സിസ്റ്റേഴ്സ് വില്ലേജുകൾ സന്ദർശിച്ച് ജനങ്ങളെ പ്രബുദ്ധരാക്കാൻ തുടങ്ങി. വിദ്യാഭ്യാസത്തിന്റെ ആവശ്യകത, ധാർമ്മികമൂല്യങ്ങൾ, ആതിഥ്യമര്യാദകൾ എന്നിവയൊക്കെ പഠിപ്പിക്കുന്നതിൽ സിസ്റ്റേഴ്സ് സൈക്കിളിലും കാളവണ്ടിയിലുമൊക്കെയായി വീടുകൾ തോറും കയറിയിറങ്ങിയിരുന്നു.

ഇവിടുത്തെ എല്ലാ പ്രവർത്തനങ്ങളും സുഗമമായി നടത്തുവാൻ ഖാണ്ഡുവാ രൂപതയുടെ ഉത്തരവാദിത്വത്തോടെ Manos Unidas - Spain സാമ്പത്തിക സഹായം നൽകിക്കൊണ്ടിരിക്കുന്നു. ഇവിടുത്തെ എല്ലാ പ്രവർത്തനങ്ങളിലും രൂപതയോട് സഹകരിച്ചുകൊണ്ട് സഹോദരിമാർ പ്രതിഫലേച്ഛ കൂടാതെ ശുശ്രൂഷ ചെയ്യുന്നു.




എസ്.വി.എം.ന്റെ പ്രഥമ മിഷൻ സെന്ററായ ഭഗവാൻപുരയിലെ മക്കളോടൊത്ത്






# സെന്റ് പയസ് ടെൻത് കോൺവെന്റ്

## ആനന്ദനഗർ, ഖാണ്ഡുവ

**ഖാ**ണ്ഡുവ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ബിഷപ്പ് മാർ അബ്രഹാം വിരുത്തിക്കുളങ്ങരയുടെ അഭ്യർത്ഥനയനുസരിച്ച് കോട്ടയം രൂപതയുടെ അദ്ധ്യക്ഷനായ അഭി. കുര്യാക്കോസ് കുന്നശ്ശേരിയുടെ അനുവാദത്തോടും അന്നു മദർ ജനറലായിരുന്ന ബ. ആൻസലമ്മയുടെയും കൗൺസിലിന്റെയും തീരുമാനത്തിലും 1985 ജൂലൈ മാസം 1-ാം തീയതി 'ഭാവന' എന്നു പേരുള്ള കെട്ടിടത്തിൽ ഖാണ്ഡുവാ രൂപതയിലെ രണ്ടാമത്തെ ഭവനമായ സെന്റ് പയസ് ടെൻത് കോൺവെന്റ് ആരംഭം കുറിച്ചു. സി. എൽസി ജോസ്, സി. തെരേസ് എന്നിവരായിരുന്നു ആദ്യ സഹോദരിമാർ. കുട്ടികളുടെ സമഗ്രവളർച്ച ലക്ഷ്യംവച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്



തുടക്കം കുറിക്കുക എന്നതായിരുന്നു അഭിവന്ദ്യ പിതാവിന്റെയും വിസിറ്റേഷൻ സഹോദരിമാരായ നമ്മുടെയും ലക്ഷ്യം. അഭിവന്ദ്യ പിതാവിന്റെ പൈതൃക സംരക്ഷണത്തിലും ബഹു. വൈദികരുടെയും മറ്റ് അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണങ്ങളോടെ സിസ്റ്റേഴ്സ് സന്തോഷപൂർവ്വം താമസമാരംഭിച്ചു. 1987 ജനുവരി 26-ാം തീയതി പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിലാണ് സിസ്റ്റേഴ്സ് ആദ്യകാലങ്ങളിൽ താമസിച്ചിരുന്നത്. എന്നാൽ കുട്ടികളുടെ എണ്ണം ഉത്തരോത്തരം വർദ്ധിച്ചതിനാൽ സിസ്റ്റേഴ്സിനുവേണ്ടി ഒരു കെട്ടിടം പണിയേണ്ടത് അത്യാവശ്യമായി വന്നു. 1989 ഫെബ്രുവരി 19 ന് ഭൂമിപൂജ നടത്തി, മാർച്ച് 10 ന് കല്ലിട്ടു. 1990 ആഗസ്റ്റ് 21 ന് വി. പത്താംപീയൂസിന്റെ തിരുനാൾ ദിവസം പൂർത്തിയാക്കപ്പെട്ട സെന്റ് പയസ് ടെൻത് കോൺവെന്റിന്റെ വെഞ്ചരിപ്പ് ബിഷപ്പ് എബ്രഹാം വിരുത്തിക്കുളങ്ങരയുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തി.

കാലാകാലങ്ങളിൽ നേതൃത്വം വഹിച്ച പ്രിൻസിപ്പൽമാരുടെയും മറ്റു സഹോദരിമാരുടെയും സഹായത്തോടെ ഈ സ്കൂൾ വളർന്നു പന്തലിച്ച് ഒരു വടവൃക്ഷമായി മാറിയിരിക്കുന്നു. ഏതാണ്ട് 2400 കുട്ടികൾ ഇവിടെ ഇപ്പോൾ അധ്യയനം നടത്തുന്നു. ഖാണ്ഡുവാ രൂപതാദ്ധ്യക്ഷന്റെയും മറ്റു വൈദികരുടെയും എല്ലാവിധ സഹകരണവും നമുക്കിവിടെ ലഭിച്ചുകൊണ്ടിരിക്കുന്നു. മൂന്നു പതിറ്റാണ്ടുകൾ പിന്നിട്ട ഈ വിദ്യാലയത്തിൽ നിന്നും പഠിച്ചിറങ്ങിയ അനേകം കുട്ടികൾ ലോകത്തിന്റെ വിവിധ കോണുകളിൽ വിവിധതുറകളിൽ സേവനം അനുഷ്ഠിക്കുന്നു എന്നതിൽ അഭിമാനിക്കാം. വിദ്യാഭ്യാസ മണ്ഡലവും യുവതലമുറയും വെല്ലുവിളി നേരിടുന്ന ഈ കാലഘട്ടത്തിൽ മൂല്യബോധവും ആത്മബോധവുമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ ഈ വിദ്യാലയത്തിന് സാധിക്കുന്നു എന്നതിൽ അഭിമാനിക്കാം. ഈ നാട്ടിലെ കർഷകരുടെയും മറ്റുതൊഴിലാളികളുടെയും പിഞ്ചുകുഞ്ഞുങ്ങൾക്ക് അറിവിന്റെ ഹരിശ്രീ പകർന്നുകൊടുത്തുകൊണ്ട്, ഖാണ്ഡുവാ പട്ടണത്തിന്റെ വിരിമാറിൽ തിലകക്കുറിച്ചാർത്തി, ഈ സ്കൂൾ ഇന്ന്, തല ഉയർത്തി നിൽക്കുന്നു.

### നാൾവഴികളിലൂടെ...

1985 ജൂലൈ 1 - മഠത്തിന്റെ ആരംഭം

1989 മാർച്ച് 10 - മഠത്തിന് ശിലാസ്ഥാപനം

1990 ഓഗസ്റ്റ് 21 - വെഞ്ചരിപ്പ്



# വിസിറ്റേഷൻ കോൺവെന്റ്
## ജർമ്മനി

**വി**സിറ്റേഷൻ മക്കൾക്ക് യൂറോപ്പിൽ പ്രത്യേകിച്ച് ജർമ്മനിയിൽ ഒരു ഭവനം വേണമെന്ന് അഭിവന്ദ്യ കുന്നശ്ശേരിൽ പിതാവും നമ്മുടെ രൂപതാംഗവും ജർമ്മനിയിൽ ഐസ്റ്റഡ് രൂപതയിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ബ. തേവർമണ്ണിൽ സിറിയക്കച്ചനും ആഗ്രഹിക്കുകയും പരിശ്രമിക്കുകയുംമദർ ജനറലായിരുന്ന ആൻസലമ്മയോട് ആലോചന ചോദിക്കുകയും ചെയ്തതിന്റെ ഫലമായി ജർമ്മനിയിലെ 'ഷ്വാബാക്ക്' എന്ന സ്ഥലത്ത് ഈ രൂപതയുടെ തന്നെ കീഴിലുള്ള ഒരു പുതിയ വൃദ്ധസദനത്തിൽ നമ്മുടെ പത്ത് സഹോദരിമാർ 1984 ൽ ശുശ്രൂഷ ആരംഭിച്ചു. 1960 കളിൽ ജർമ്മനിയിൽ നഴ്സിംഗ് പഠനം പൂർത്തിയാക്കി തിരിച്ചെത്തിയ സി. ജസ്റ്റിൻ ആയിരുന്നു ഈ പുതിയ ഭവനത്തിന്റെ ഡയറക്ടർ. ഒപ്പം പഠനം പൂർത്തിയാക്കിയ സി. ജോവാനും കൂടെ ഉണ്ടായിരുന്നതിനാൽ ഭാഷാപ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിരുന്നു. ബ. തേവർമണ്ണിലച്ചന്റെയും വെട്ടുകല്ലേൽ മത്തായിയച്ചന്റെയും പരിശ്രമഫലമായി സ്പാൾട്ട്, ആൾട്ടൺ ഫ്യൂർത്ത് എന്നിവിടങ്ങളിൽ ഉള്ള ഭവനങ്ങളിൽ ശുശ്രൂഷ വേദി ലഭിച്ചു.

പിന്നീട്  ഉണ്ടായ ചില പ്രത്യേക കാരണങ്ങളാൽ ഈ മൂന്നുഭവനങ്ങളിലെയും ശുശ്രൂഷ നിർത്തലാക്കേണ്ടിവന്നു. അതിനുശേഷം 1991 ൽ തേവർണ്ണിലച്ചന്റെ ഉറ്റസുഹൃത്തും നമ്മുടെ ഉപകാരിയുമായിരുന്നു ഫാ. ഫ്രാൻസ് മുള്ളറിന്റെ ശ്രമഫലമായി ജർമ്മനിയിലെ മ്യൂണിക്കിൽ വിൻസൻഷൻ സഹോദരിമാരുടെ നേതൃത്വത്തിൽ നടത്തുന്ന ഹോസ്പിറ്റലിൽ നഴ്സ്മാരായി സി. ലീനസ്, സി. ട്രീസാ വിനീത, സി. ഡേവിഡ് എന്നിവർ ജോലി ആരംഭിച്ചു. അങ്ങനെ നമ്മുടെ പല സഹോദരിമാർക്കും നേഴ്സിംഗ് പഠിക്കുവാനും അവിടെ ശുശ്രൂഷ ചെയ്യുവാനും സാധിച്ചു. സി. സജിനി നേതൃത്വം കൊടുക്കുന്ന ഈ ഭവനത്തിൽ സി. മേഴ്സിൻ, സി. ഫിൽസി, സി. രശ്മി, സി. ഷാരോൺ എന്നിവരാണ് ഇപ്പോൾ ശുശ്രൂഷ ചെയ്തുവരുന്നത്.

**നാൾവഴികളിലൂടെ...**

1984 – ജർമ്മനിയിലെ ഷ്വാബാക്കിൽ ശുശ്രൂഷ ആരംഭിക്കുന്നു

1991 – മ്യൂണിക്കിൽ ഹോസ്പിറ്റൽ ശുശ്രൂഷയുടെ ആരംഭം



# വിസിറ്റേഷൻ കോൺവെന്റ്
## സ്വിറ്റ്സർലന്റ് - ഫൈഡോ

**നാൽവഴികളിലൂടെ...**

1989 ഫെബ്രുവരി 6 – ഫൈഡോയിൽ ശുശ്രൂഷ തുടങ്ങി

1989 മെയ് 1 – ഹോസ്പിറ്റൽ സേവനത്തിനു തുടക്കം കുറിച്ചു

സ്വിറ്റ്സർലന്റിൽ ഫൈഡോ എന്ന സ്ഥലത്ത് നമ്മുടെ സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമുണ്ടെന്ന് തെരുവത്തുകുന്നേൽ ബ. മത്തായി അച്ചൻ അഭി. കുന്നശ്ശേരി പിതാവിനോടും മദർ ജനറലായിരുന്ന ബ. മൈക്കളമ്മയോടും പറഞ്ഞതിന്റെ വെളിച്ചത്തിൽ സിസ്റ്റേഴ്സിനെ വിടണമെന്ന് തീരുമാനിച്ചു. അങ്ങനെ 1989 ഫെബ്രുവരി 6–ാം തീയതി നമ്മുടെ സഹോദരിമാർ സ്വിറ്റ്സർലന്റിലെ Faido-ൽ എത്തിച്ചേർന്നു. അന്നത്തെ Hospital Director Sign-Giorgo Pession, Mother Florenza & Sisters (Suore delle Poverelle) ഉം വളരെ ഹാർദ്ദമായി അവരെ സ്വീകരിച്ച് വേണ്ടതായ എല്ലാ സഹായങ്ങളും ചെയ്തുകൊടുത്തു.

നമ്മുടെ സേവനം ഇവിടെ തുടങ്ങുവാൻ കാരണമായത് ഹോസ്പിറ്റലിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ഇറ്റാലിയൻ സിസ്റ്റേഴ്സിന് (soure delle poverelle) പ്രായാധിക്യത്താൽ തുടർന്നുകൊണ്ട് പോകുവാൻ സാധിക്കാതെ വന്ന സഹാചര്യത്തിലാണ് ഇവിടെ സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമുണ്ടെന്ന് നമ്മുടെ ബ. കുന്നേൽ മത്തായി അച്ചൻ അറിയിക്കുകയും അന്നത്തെ ബിഷപ്പ് ആയിരുന്ന മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവിനെ അറിയിക്കുകയും ചെയ്തു. അതനുസരിച്ച് Lugano Bishop Eugenio Coreco പിതാവിന്റെ അനുവാദത്തോടുകൂടി നമ്മുടെ സിസ്റ്റേഴ്സ് രോഗി ശുശ്രൂഷ ആരംഭിച്ചു. അന്നത്തെ മദർ ജനറൽ ബ. മൈക്കിളമ്മ ആയിരുന്നു.

ബ. കുന്നേൽ മത്തായി അച്ചനും, സ്വിറ്റ്സർലണ്ടുകാരനായ മൻസറച്ചനും ഇവിടെയുള്ള മലയാളി ഫാമിലിയും ആരംഭകാല ക്ലേശങ്ങളിൽ ആത്മാർത്ഥമായി ഒത്തിരി സഹായിച്ചിട്ടുണ്ട്. ഇവിടുത്തെ പല നിയമങ്ങളും മാറിയെങ്കിലും സഹോദരിമാരുടെ സേവനം തുടർന്നുകൊണ്ട് പോകുവാൻ ഹോസ്പിറ്റൽ അധികാരികൾ പ്രത്യേകിച്ച് Nsg Superintendent Sig. Tozzini Aneva പ്രത്യേക താല്പര്യം കാണിക്കുകയും അതിന് വേണ്ടതായ എല്ലാ സഹായങ്ങളും ചെയ്തുതരുകയും ചെയ്യുന്നു. സാഹചര്യങ്ങൾക്കനുസൃതമായി സഹോദരിമാർക്ക് വേണ്ട വിധത്തിലുള്ള പരിശീലനം നല്കി അയയ്ക്കുവാൻ അധികാരികൾ പ്രത്യേകം ശ്രദ്ധിക്കുന്നു. ഭിന്നശേഷിയുള്ളവരെ ശുശ്രൂഷിക്കുന്ന നെജിയോയിലെ സോയർ-ല-ഫോണ്ടെ എന്ന സ്ഥാപനത്തിൽ നമ്മുടെ സഹോദരിമാരായ സി. സെലീന, സി. ആൻസിറ്റ, സി. സെൽബി എന്നിവർ 1992 മുതൽ 1999 വരെ സേവനം ചെയ്തു എങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ആ ശുശ്രൂഷ രംഗം വേണ്ടന്നു വച്ചു.

ഇവിടെ ജോലിചെയ്യുന്ന സഹോദരിമാർ രോഗികളെ ശുശ്രൂഷിക്കുന്നതിനോടൊപ്പം അവരുടെ ആത്മീയ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധിക്കുന്നു. (കുമ്പസാരം, വി. കുർബാന, രോഗിലേപനം, കൗൺസിലിംഗ്) ഇവിടുത്തെ ഇടവകയിലെ പ്രവർത്തനങ്ങളിൽ സാധിക്കുന്നതുപോലെ സഹകരിച്ച് ഇടവക ജനങ്ങളുമായി നല്ല സൗഹൃദബന്ധം പുലർത്തുന്നു.

# വിസിറ്റേഷൻ കോൺവെന്റ്

## മാസാ - ഇറ്റലി



**നാൾവഴികളിലൂടെ...**

1998 സെപ്റ്റംബർ 15 – ശുശ്രൂഷ ആരംഭിച്ചു

2017 മെയ് 31 – നിർത്തലാക്കി

**ഇ**റ്റലിയിലെ മാസാ രൂപതയുടെ കീഴിലുള്ള സെമിനാരിയിൽ സിസ്റ്റേഴ്സിന്റെ സാന്നിദ്ധ്യം ആവശ്യമാണെന്ന് മനസ്സിലാക്കിയ ബിഷപ്പും റെക്ടറച്ചനും അഭി. കുന്നശ്ശേരി പിതാവിനോടും ബ. മോൺ ജേക്കബ് കൊല്ലാപറമ്പിലച്ചനോടും തങ്ങളുടെ ആഗ്രഹം അറിയിച്ചു. അതിന്റെ ഫലമായി അഭി. പിതാവ് അന്നത്തെ മദർ ജനറലായിരുന്ന ബ. ഇന്നസന്റമ്മയോട് സിസ്റ്റേഴിസിനെ വിടുന്നതിനെപ്പറ്റി പറയുകയുണ്ടായി. അന്നത്തെ ജനറൽ കൗൺസിലിന്റെ തീരുമാനമനുസരിച്ച് 1998 സെപ്റ്റംബർ 15-ാം തിയതി നമ്മുടെ സഹോദരിമാരായ സിസ്റ്റേഴ്സ് എൽസി ജെയിംസ്, ജൂബി, ലിന്റ എന്നിവർ അവിടെ ശുശ്രൂഷ ആരംഭിച്ചു.

ആദ്യകാലങ്ങളിൽ ധാരാളം സെമിനാരി വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. കാലക്രമേണ അവരുടെ എണ്ണം കുറഞ്ഞു. നമ്മുടെ സഹോദരിമാർ എല്ലാക്കാര്യങ്ങളും പഠിച്ചതുകൊണ്ട് നമ്മുടെ സഹോദരിമാരാണ് സെമിനാരിയിലെ എല്ലാ രംഗത്തും പ്രവർത്തിക്കുന്നത്. ബ. വൈദികരും ബിഷപ്പും അതിൽ തികച്ചും സംതൃപരായിരുന്നു. ഈ സ്ഥാപനത്തിൽ നാം ശുശ്രൂഷ ചെയ്യുന്നതുകൊണ്ട് നാട്ടിൽ നിന്നും സിസ്റ്റേഴ്സിനെ കൊണ്ടുവരുന്നതിനും ഇറ്റലിയിൽ നിന്നും സ്വിറ്റ്സർലണ്ടിലേയ്ക്ക് സഹോദരിമാരെ വിടുന്നതിനും ഉള്ള സ്പോൺസർ ലെറ്റർ തരുന്നതും ഇവരുടെ ഉത്തരവാദിത്ത്വത്തിലായിരുന്നു. 19 വർഷക്കാലമായി 14 സഹോദരിമാർ ഇവിടെ സേവനം ചെയ്ത് കടന്നുപോയി.

ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ സേവനം അത്ര ആവശ്യം ഇല്ലാത്തതിനാൽ അധികാരികളുടെ നിർദേശം പരിഗണിച്ച് മെയ് 31 ന് വിസിറ്റേഷൻ തിരുനാൾ ദിനം അവിടുത്തെ സേവനം നാം നിറുത്തി. നാളിതുവരെ വഴി നടത്തിയ ദൈവത്തിനു നന്ദി.

# വിസിറ്റേഷൻ കോൺവെന്റ്

## ഫോസ്ദിനോവ - ഇറ്റലി

**1999**-ലെ മദർ ജനറലായിരുന്ന സി. ഇന്നസെന്റ് ഇറ്റലിയിലെ മാസാ കമ്മ്യൂണിറ്റിയിൽ സന്ദർശനത്തിന് പോയപ്പോൾ മാസാ രൂപതയിലെ ബിഷപ്പ് ബിനിനി, ഫോസ്ദിനോവ എന്ന സ്ഥലത്തുള്ള ഒരു വൃദ്ധസദനത്തിൽ സേവനം ചെയ്യാൻ സിസ്റ്റേഴ്സിനെ ആവശ്യപ്പെട്ടു. അതനുസരിച്ച് അവിടെ സന്ദർശിച്ചു. സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമെന്ന് മനസിലാക്കിയ ഇന്നസന്റമ്മ അഭി. കുന്നശ്ശേരി പിതാവിനെ വിവരം അറിയിച്ചു. പിതാവ് സമ്മതം തരുകയും ചെയ്തു.

അങ്ങനെ 2000 മാർച്ച് 1 ന് മാസാ, ജർമ്മനി, സ്വിറ്റ്സർലന്റ് എന്നീ മഠങ്ങളിൽ നിന്നുള്ള സഹോദരിമാരും റോമിൽ പഠിക്കുന്ന സഹോദരിമാരും റവ. ഫാ. മാത്യു കുരിയത്തറയും മാസാ സെമിനാരിയിലെ ബ്രദേഴ്സും ഈ ഭവനത്തിൽ എത്തി. ഭവനത്തിന്റെ ഡയറക്ടർ ബവരീനി ജോവാനി എല്ലാവരെയും സ്വാഗതം ചെയ്തു. തുടർന്നു ബിഷപ്പ്. ബിനിനി വിശുദ്ധ



നാൽവഴികളിലൂടെ...

2000 മാർച്ച് 1– സേവനം ആരംഭിച്ചു. (വൃദ്ധമന്ദിരം)

ബലിയർപ്പിച്ച് സന്ദേശം നൽകി.

സി. ജോസ്നായുടെ നേതൃത്വത്തിൽ സി. ലിന്റ, സി. അലക്സീന എന്നിവരാണ് ശുശ്രൂഷ ആരംഭിച്ചത്. സഹോദരിമാരുടെ സേവനവും സാന്നിദ്ധ്യവും ഇവിടുത്തെ അന്തേവാസികൾക്ക് ആത്മീയവും മാനസികവും ശാരീരികവുമായ ഉണർവ്വും സന്തോഷവും നല്കുന്നു.

ഇപ്പോൾ ഈ ഭവനത്തിൽ താമസിച്ച് സി. ഷീബയുടെ നേതൃത്വത്തിൽ സി. ജെയ്മി, സി. റ്റെസ, സി. അനു എന്നിവർ സ്നേഹ ശുശ്രൂഷ ചെയ്യുന്നു.

# വിസിറ്റേഷൻ കോൺവെന്റ്

## ലോസ് ആഞ്ചലസ് - അമേരിക്ക

**അ**മേരിക്കയിലെ ലോസാഞ്ചലസിലുള്ള St. Joseph Sisiters of Corondalate - ന്റെ നേതൃത്വത്തിലുള്ള ആശുപത്രിയിൽ ജോലി ചെയ്യുന്നതിനായി (Daniel Freeman Memorial Hospital) ഇന്ത്യൻ സിസ്റ്റേഴ്സിനെ ലഭിക്കണമെന്നുള്ള ആഗ്രഹം, ഈ ആശുപത്രിയിൽ ചാപ്ലെയിൻ ആയി ജോലി ചെയ്തിരുന്ന ബഹു. അബ്രാഹം മുത്തോലത്തച്ചനെ അറിയിച്ചു. ആ വിവരം അച്ചൻ, സമൂഹത്തിന്റെ സുപ്പീരിയർ ജനറലായിരുന്ന സി. ഇന്നസെന്റിനെ അറിയിച്ചു. അമ്മയുടെ അമേരിക്കൻ സന്ദർശനത്തിനിടയിൽ Daniel Freeman ൽ വന്ന്, സിസ്റ്റേഴ്സുമായി സംസാരിക്കുകയും, അതോടൊപ്പം ഇവിടെയുള്ള ക്നാനായമക്കൾ സിസ്റ്റേഴ്സിന്റെ ആവശ്യകത അമ്മയെ അറിയിക്കുകയും ചെയ്തതിന്റെ വെളിച്ചത്തിൽ, ആ ആഗ്രഹം കുന്നശ്ശേരി പിതാവിനെ അറിയിക്കുകയും, പിതാവ്

നാൽവഴികളിലൂടെ...

2000 ജൂലൈ 21 – ലോസ് ആഞ്ചലസിൽ തുടക്കം

2007 ഡിസംബർ 20 – വാടകവീടെടുത്ത് താമസം

2009 മാർച്ച് 5 – ഡൗണിയിൽ സ്വന്തമായി ഭവനം വാങ്ങിച്ചു.

2010 ജൂലൈ 31 – ബിഷപ്പ് ജേക്കബ് അങ്ങാടിയത്ത് ഔദ്യോഗിക വെഞ്ചിരിപ്പുകർമ്മം നടത്തി.

അനുമതി നൽകുകയും ചെയ്തു. ബ. മുത്തോലത്തച്ചൻ അതിനായുള്ള ഡോക്കുമെന്റ്സ്എല്ലാം ശരിയാക്കി. അന്ന് സുപ്പീരിയർ ജന



റലായിരുന്ന സി. ബിബിയാനായുടെയും മറ്റ് സഹോദരിമാരുടെയും അനുഗ്രഹാശിസ്സുക്കൾ ഏറ്റുവാങ്ങി, ബഹു. മുത്തോലത്തച്ചനോടൊപ്പം 2000, ജൂലൈ 21 ന്, ലോസാഞ്ചലസ് വിമാനത്താവളത്തിൽ എത്തിച്ചേർന്ന Sr. Mable, Sr. Meera, Sr. Anugraha(Left), Sr. Sereena എന്നിവരെ സ്വീകരിക്കുന്നതിനായി, മുത്തോലത്തച്ചന്റെ ബന്ധുക്കളും, മുട്ടത്തിൽ ജോണിയും കുടുംബവും, ക്നാനായമക്കളിൽ ഏതാനും പേരും വന്നിരുന്നു. എല്ലാവരും കൂടി മുട്ടത്തിൽ ജോണിയുടെ വീട്ടിൽ ഒന്നിച്ചുകൂടിയതിനുശേഷം, ഏകദേശം 8.30 pm ന് Our Lady of Grace Convent ൽ കൊണ്ടുവന്നാക്കി. ആ മഠത്തിന്റെ സൂപ്പീരിയറും, ഹോസ്പിറ്റലിന്റെ പ്രസിഡന്റുമായിരുന്ന Sr. Regina Clare ഉം സമൂഹാംഗങ്ങളും ഹൃദ്യമായ സ്വീകരണം നൽകി. അവരോടൊന്നിച്ച്, ആ മഠത്തിൽ താമസിച്ച്, ആശുപത്രിയിൽ ജോലി ചെയ്യാൻ തുടങ്ങിയ സിസ്റ്റേഴ്സിനുവേണ്ട എല്ലാ സഹായങ്ങളും Sr. Regina Clare ഉം സമൂഹാംഗങ്ങളും നൽകിയിരുന്നു. അവരുടെ നല്ല മനസ്സിനെ ഓർത്ത് ദൈവത്തിന് നന്ദിപറയുന്നു. ആശുപത്രിയിൽ ജോലി ചെയ്യുന്നതോടൊപ്പം ഇവിടെയുള്ള ക്നാനായ മിഷന്റെ എല്ലാ പ്രവർത്തനങ്ങളിലും സിസ്റ്റേഴ്സ് ഭാഗഭാഗിത്വം നൽകി പോരുന്നു.

സാമ്പത്തികമാന്ദ്യം മൂലം ആശുപത്രിയും മഠവും നിർത്തലാക്കേണ്ട സാഹചര്യം വന്നതിനാൽ, നമ്മുടെ സിസ്റ്റേഴ്സ് അവിടെ അടുത്തുതന്നെ ഒരു വീട് വാടകയ്ക്ക് എടുത്ത് 2007, ഡിസംബർ 20 ന് അങ്ങോട്ട് താമസം മാറ്റി. 2008 ജനുവരി 15-ാം തീയതി മുതൽ, ദൈവപരിപാലനയാൽ നാല് സിസ്റ്റേഴ്സിനും ഇപ്പോൾ ജോലി ചെയ്യുന്ന St. Francis Medical Centre ൽ ജോലി ലഭിച്ചു. 2009 ന് Downey ൽ സ്വന്തമായി ഒരു ഭവനം വാങ്ങിച്ച്, മാർച്ച് 5 ന് ബഹു. മുളവനാലച്ചൻ ഭവനം വെഞ്ചരിക്കുകയും സിസ്റ്റേഴ്സ് അവിടേക്ക് താമസം മാറ്റുകയും ചെയ്തു. ഈ ഭവനം വാങ്ങിക്കാൻ മുട്ടത്തിൽ ജോണി, അമ്മായികുന്നേൽ മാത്തുക്കുട്ടി, ബഹു. മുളവനാലച്ചൻ എന്നിവർ ലോൺ തന്ന് സഹായിച്ചു. ഭവനത്തിന്റെ ഔദ്യോഗിക വെഞ്ചരിപ്പു കർമ്മം 2010, ജൂലൈ 31 ന് അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. മൂലക്കാട്ട് പിതാവ്, പണ്ടാരശ്ശേരിൽ പിതാവ്, മുത്തോലത്തച്ചൻ, മുളവനാലച്ചൻ, ഇടത്തിപ്പറമ്പിൽ സൈമണച്ചൻ, ഇടത്തിപ്പറമ്പിൽ സ്റ്റാനി അച്ചൻ, Fr. Ossey O.C.D., Fr. Ambrose O.C.D. എന്നിവർ സഹകാർമ്മികരായിരുന്നു. ഒപ്പം അന്നത്തെ സുപ്പീരിയർ ജനറൽ സി. മെറിൻ, ചിക്കാഗോയിലെ സിസ്റ്റേഴ്സ് എന്നിവരും നൂറിൽപരം ക്നാനായമക്കളും സന്നിഹിതരായിരുന്നു.

ഈ സമൂഹത്തിന്റെ വളർച്ചയിൽ, ഇടവക സമൂഹത്തിന്റെ ആത്മാർത്ഥമായ സഹകരണം ലഭിച്ചുകൊണ്ടിരിക്കുന്നു. പ്രത്യേകമായി St. Joseph Sisiters of Corondalate, Fr. Abraham Muthalath, Msg. Thomas Mulavanal, Fr. Siju Madakoodil, Muttathil John Mathew & Family, Jacob Viriyappally & family.

ആതുര ശുശ്രൂഷാരംഗത്ത് സേവനം ചെയ്യുന്നതോടൊപ്പം St. Pius X[th] Knanaya ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും, പ്രത്യേകിച്ച് കുട്ടികളെ വേദപാഠം പഠിപ്പിക്കുക, ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുക, ഭവനസന്ദർശനം, രോഗീസന്ദർശനം, കൂടാരയോഗം എന്നിവകളിലൊക്കെ സിസ്റ്റേഴ്സ് സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ശ്രേഷ്ഠത്തി സി. സെറീന സഹോദരിമാർ മേബിൾ എന്നിവർ അവിടെ ജോലി ചെയ്യുന്നു. സി. സനിജ പഠനം നടത്തുന്നു.

***********

## വിസിറ്റേഷൻ കോൺവെന്റ്

## ചിക്കാഗോ - അമേരിക്ക

**നാൾവഴികളിലൂടെ...**

2010 ജൂലൈ 18 – അങ്ങാടിയത്ത് പിതാവ് മഠം വെഞ്ചിരിച്ചു

**ദൈ**വത്തിന്റെ അനന്ത പരിപാലനയിൽ വിസിറ്റേഷൻ കന്യകാസമൂഹം നോർത്ത് അമേരിക്കയിലെ ചിക്കാഗോയിൽ ജന്മം കൊള്ളുവാൻ ദൈവം തിരുമനസ്സായി.

ക്നാനായ ജനത ഏറ്റവും കൂടുതൽ താമസിക്കുന്ന അമേരിക്കയിലെ ഒരു ഇടവകയാണ് St. Mary's Catholic Church Mortion Grove, Chicago. ക്നാനായ ജനതയുടെ ആത്മീയോന്നമനം ലക്ഷ്യം വച്ച്, ദൈവദാസൻ മാക്കീൽ പിതാവ്



സ്ഥാപിച്ച വിസിറ്റേഷൻ കന്യകാ സമൂഹം, കേരള ത്തിൽ മാത്രം ഒതുങ്ങിനിന്നാൽ പോരാ, എവിടെ യൊക്കെ ക്നാനായ മക്കൾ ഉണ്ടോ, അവിടെയൊക്കെ പ്രവർത്തനനിരതരാകേണ്ടതാണ് എന്ന ഉറച്ച ബോദ്ധ്യം ഉള്ളതുകൊണ്ടുതന്നെ, ചിക്കാഗോ ഇടവകയുടെ ആത്മീയോന്നമനത്തിന് സിസ്റ്റേഴ്സിനെ അയയ്ക്കണ മെന്ന് ബഹു. അബ്രാഹം മുത്തോലത്തച്ചൻ അന്നത്തെ സുപ്പീരിയർ ജനറൽ സി. മെറിനോട് ആവശ്യപ്പെട്ടപ്പോൾ സമൂഹം അതിനോട് സർവാത്മനാ അനുകൂലിച്ചു. കോട്ടയം അതിരൂപതാദ്ധ്യക്ഷൻ അഭി. മൂലക്കാട്ടു പിതാ വിന്റെ അംഗീകാരത്തോടെ സുപ്പീരിയർ ജനറൽ സി. മെറിൻ അഭി. ജേക്കബ് അങ്ങാടിയാത്ത് പിതാവിന് അനുമതിയ്ക്കായുള്ള അപേക്ഷ സമർപ്പിച്ചു. അഭി. പിതാവ് 2008 ഒക്ടോബറിൽ രേഖമൂലം അനുമതി നല്കുകയും അതനുസരിച്ച് സിസ്റ്റേഴ്സിനെ ചിക്കാഗോ യിലേക്ക് വിടുവാൻ തീരുമാനിക്കുകയും ചെയ്തു.

എ.ഡി. 345 ൽ ക്നായി തൊമ്മനും 72 കുടുംബ ങ്ങളും ഉറുഹാ മാർ യൗസേപ്പിന്റെ ആത്മീയ നേതൃത്വ ത്തിൽ കൊടുങ്ങല്ലൂരിൽ എത്തിയതുപോലെ അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടും, അന്നത്തെ സുപ്പീ രിയർ ജനറലായ മദർ മെറിനോടും കൂടി സഹോദരി മാരായ സി. സേവ്യർ, സി. ജെസീനാ, സി. അനു ഗ്രഹ(Left) എന്നിവർ അമേരിക്കയിൽ എത്തി.

2010 ജൂലൈ 18-ാം തീയതി അഭിവന്ദ്യ പിതാക്കന്മാ രായ മാർ ജേക്കബ് അങ്ങാടിയത്ത് മാർ മാത്യു മൂല ക്കാട്ട്, മാർ ജോസഫ് പണ്ടാരശ്ശേരി എന്നിവർ ചേർന്നു മഠം വെഞ്ചരിക്കുകയുണ്ടായി. തദവസരത്തിൽ ബഹു. അബ്രാഹം മുത്തോലത്ത്, ബഹു. സൈമൺ ഇട ത്തിൽപറമ്പിൽ, ഇടവക പ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യം ഏറെ ആനന്ദപ്രദമായിരുന്നു.

അന്നത്തെ വികാരി ജനറാളായിരുന്ന ബഹു. അബ്രാഹം മുത്തോലത്തും, ഇടവകാംഗമായ മിസ്റ്റർ ജോസ് പിണർക്കയിലും കടം തന്നു സഹായിച്ചാണ് മഠത്തിനുള്ള വീട് വാങ്ങിയത്. കൂടാതെ മഠത്തിലേക്ക് ഒരു കാർ Sacred Heart Church ൽ നിന്നും സംഭാവന നൽകി. അതോടൊപ്പം ആവശ്യമായ കമ്പ്യൂട്ടർ, റൈസ് കുക്കർ, തയ്യൽ മിഷ്യൻ തുടങ്ങിയ ധാരാളം സാധന ങ്ങൾ ഇടവക ജനങ്ങൾ നല്കുകയുണ്ടായി.

പിന്നീട് കാലാകാലങ്ങളിൽ Sr. Tonia, Sr. Sandra എന്നി വർ ഇവിടെ വന്ന് ശുശ്രൂഷ ചെയ്തു. 2 വർഷത്തിനു ശേഷം വിസായുടെ പ്രശ്നം വന്നിതിനാൽ സി. ടോണിയ നാട്ടിലേക്ക് പോരേണ്ടതായി വന്നു. 2016 നവം ബർ 10-ാം തീയതി താമ്പായിൽ പുതിയ ശാഖാ ഭവനം തുടക്കം കുറിച്ചപ്പോൾ ഇവിടെനിന്നും സി. സേവ്യർ, സി. സാന്ദ്രാ എന്നിവർ അങ്ങോട്ടേയ്ക്ക് സ്ഥലം മാറ്റ പ്പെട്ടു. തത്സ്ഥാനത്ത് സി. സിൽവേരിയൂസ്, സി. ജൊവാൻ എന്നിവരെ നിയോഗിച്ചു. ഇന്ന് ചിക്കാഗോ യിൽ സി. ജെസീനാ ഉൾപ്പെടെ മൂന്നുപേർ ശുശ്രൂഷ ചെയ്യുന്നു. സി. ജൊവാൻ പഠനം നടത്തുന്നു.

ഇടവകയിൽ സെക്രട്ടറിയായും, സാക്രിസ്റ്റിയായും ശുശ്രൂഷ ചെയ്യുന്നതു കൂടാതെ വിശ്വാസപരിശീലനം, Youth Programme, Choir Practice, കൂടാരയോഗം, മൃതസം സ്കാരശുശ്രൂഷ, ആദ്യകുർബാന സ്വീകരണം തുട ങ്ങിയ ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും സഹോദരിമാർ സജീവമായി പങ്കെടുക്കുന്നു. ദൈവകൃ പയാൽ സഹോദരിമാർ സന്തോഷമായും സംതൃപ്തി യോടെയും മുന്നോട്ടു പോകുന്നു. ദൈവത്തിന് നന്ദി.



# വിസിറ്റേഷൻ കോൺവെന്റ്

## താമ്പാ - അമേരിക്ക

**ഫ്**ളോറിഡായിലെ താമ്പാ ഇടവകയിൽ വിസിറ്റേഷൻ സമൂഹത്തിന്റെ ഒരു ഭവനവും സിസ്റ്റേഴ്സിന്റെ സേവനവും വേണമെന്നുള്ള ഇടവക സമൂഹത്തിന്റെ ആഗ്രഹം ബഹുമാനപ്പെട്ട ഡോമിനിക്ക് മഠത്തിൽ കളത്തിലച്ചൻ, ഫെബ്രുവരി 2015 ന് സുപ്പീരിയർ ജനറൽ സി. ആൻജോസിനെ രേഖാമൂലം അറിയിക്കുകയും, അതിനായി അഭി. മാത്യു മൂലക്കാട്ടു പിതാവിന്റെയും ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെയും അനുമതി ലഭിക്കുകയും ചെയ്തു. ആഗസ്റ്റ് 29 ന് മഠത്തിനുള്ള വീട് വാങ്ങി. ബഹു. ഡോമിനിക്കച്ചന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങളുടെ സഹകരണത്തോടെ ഭവനത്തിന്റെ അറ്റകുറ്റപണികൾ നടത്തി. Los Angeles Convent ൽ നിന്നും Sr. Meera യെ പുതിയ മഠത്തിന്റെ മദറായും, Chicago Convent ൽ നിന്ന് Sr. Xavier, Sr. Sandra എന്നിവരെ അംഗങ്ങളായും നിയമിച്ചു. ഒക്ടോബർ 26-ാം തീയതി ബഹു. മോൺ. തോമസ് കൈതാരത്തിലച്ചന്റെയും ബഹു. ജോസ് ചിറപ്പുറത്തച്ചന്റെയും ഇടവകയിലെ കൈക്കാരന്മാരുടെയും ഏതാനും ഉപകാരികളുടെയും സിസ്റ്റേഴ്സിന്റെയും സാന്നിദ്ധ്യത്തിൽ ബഹു. ഡോമിനിക്ക് അച്ചൻ ഈ ഭവനം വെഞ്ചരിച്ചു. അതിനുശേഷം സഹോദരിമാർ 3 പേരും ഇവിടെ താമസം തുടങ്ങി. ഈ ഭവനത്തിന്റെ ഔദ്യോഗികമായ വെഞ്ചരിപ്പ്കർമ്മം നവംബർ 10-ാം തീയതി വൈകുന്നേരം 6 മണിക്ക് അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ പ്രധാനകാർമ്മികത്വത്തിൽ നടന്നു. അഭിവന്ദ്യ പിതാവിനോടൊപ്പം വികാരി ജനറാൾ ബഹു. തോമസ് മുളവനാൽ അച്ചൻ, വികാരി ഡോമിനിക്ക് അച്ചൻ എന്നിവർ ഉൾപ്പെട്ട 12 വൈദികരും സുപ്പീരിയർ ജനറൽ സി. ആൻജോസും അമേരിക്കയിലുള്ള എല്ലാ വിസിറ്റേഷൻ സിസ്റ്റേഴ്സും 150-ലധികം ഇടവകാംഗങ്ങളും ഇതിൽ സംബന്ധിച്ചു. ഈ മഠം ഈശോയുടെ തിരുഹൃദയത്തിനാണ് പ്രതിഷ്ഠിച്ചിരിക്കു

### നാൾവഴികളിലൂടെ...

2015 ആഗസ്റ്റ് 29 – മഠത്തിനുള്ള വീടു വാങ്ങി.

2015 ഒക്ടോബർ 26 – താമസത്തിനുള്ള മഠം വെഞ്ചിരിച്ചു

2016 നവംബർ 10 – ഔദ്യോഗിക വെഞ്ചിരിപ്പ്

ന്നത്. ഇടവക സമൂഹത്തിന്റെ ആത്മാർത്ഥമായ സഹ കരണം എല്ലാ കാര്യങ്ങളിലും ഉണ്ടായിരുന്നുവെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. വളരെ പ്രത്യേകമായി Thomas Kandarapply, Jimmy Kalapura, Mathew Pazhampally, Babu Thandasery അതോടൊപ്പം പണം കടമായിതന്ന് സഹായം ചെയ്തവർ Reni Cheruthanniyil ലൂക്കാച്ചൻ മൂന്നുപറ, ബേബി മാക്കിൽ Josemon Tathamkulam എന്നിവരെ നന്ദി പൂർവ്വം അനുസ്മരിക്കുന്നു.

ഇടവകയിലെ Parish Council ന്റെ സമ്മതത്തോടെ, Sr. Xavier നെ Sacristian ആയി നിയമിച്ചു. കൂടാതെ പാരീഷ് ഓഫീസിൽ അത്യാവശ്യ കാര്യങ്ങളിൽ അച്ചനെ സഹായിക്കുക എന്ന ഉത്തരവാദിത്വവും, ഏല്പിച്ചു. ഇടവകയിൽ കുട്ടികളെ ആദ്യകുർബാന സ്വീകരണത്തിന് ഒരുക്കുക, വേദപാഠം പഠിപ്പിക്കുക, ഭവന സന്ദർശനം, രോഗി സന്ദർശനം തുടങ്ങി ഇടവകയിലെ മറ്റെല്ലാ പ്രവർത്തനങ്ങളിലും സി. മീരായും, സി. സാന്ദ്രായും സജീവമായി പ്രവർത്തിക്കുന്നു. അതോടൊപ്പം ആതുരശുശ്രൂഷാ മേഖലയിലും അവർ ജോലി ചെയ്യുന്നു.

# വിസിറ്റേഷൻ കോൺവെന്റ്

## ഇറ്റലി, റോം



**സെ**ന്റ് ജോൺ ഓഫ് ഗോഡിന്റെ സഭയിലെ അംഗവും ജനറൽ കൗൺസിലറുമായിരുന്ന ബ്രദർ വിൻസെന്റ് കോച്ചാംകുന്നേലിന്റെ സന്മനസ്സും പരിശ്രമഫലവുമാണ് എസ്.വി.എം. ഭവനം റോമിൽ സ്ഥാപിക്കുവാൻ കാരണമായത്. അവരുടെ ഇറ്റാലിയൻ പ്രോവിൻസിന്റെ കീഴിലുള്ള San Pietro Hospital-ൽ സിസ്റ്റേഴ്സിനെ ആവശ്യമുണ്ടെന്ന് ബ്രദർ വിൻസെന്റ് അറിയിച്ചപ്പോൾ യൂറോപ്പിലുള്ള നമ്മുടെ സിസ്റ്റേഴ്സ് താത്പര്യത്തോടെ അന്വേഷിക്കുകയും വിവരം ജനറലേറ്റിൽ അറിയിക്കുകയും ചെയ്തു. റോമിൽ താമസിക്കുവാനും ശുശ്രൂഷ ചെയ്യുവാനുമുള്ള അവസരം ലഭിക്കുന്നത് ഒരു വലിയ അനുഗ്രഹമാണെന്ന് മനസ്സിലാക്കിയ സമൂഹാധികാരികൾ അങ്ങോട്ട് സിസ്റ്റേഴ്സിനെ വിടണമെന്ന് തീരുമാനിച്ചു.

അന്നത്തെ ജനറാളമ്മയായിരുന്ന സി. മെറിൻ യൂറോപ്പിലുള്ള നമ്മുടെ സഹോദരിമാരുടെ കാനോനിക സന്ദർശനത്തിന് ചെന്നപ്പോൾ റോമിൽ ഇതിനുവേണ്ട പ്രാരംഭനടപടികൾ ആരംഭിച്ചു. ബ്രദർ വിൻസെന്റിന്റെ കൂടെ ബ. ജനറാളമ്മയും സി. സീനായും കൂടി അവിടെ കൂരിയായിൽ വച്ച് Padre Provinciale ഉം ആയി സംസാരിച്ചു കാര്യങ്ങൾ മനസ്സിലായതനുസരിച്ച് സി. സീനായും സി. ജൂബിയും സ്വിറ്റ്സർല

**നാൾവഴികളിലൂടെ...**

**2011 മാർച്ച് 30 – മം**
**വെഞ്ചിരിച്ച് ദിവ്യബലി**
**അർപ്പിച്ച് താമസം തുടങ്ങി**

ണ്ടിൽനിന്നും സി. മരിയറ്റ് റോമിൽനിന്നും, സി. ലിന്റാ ഇറ്റലിയിലെ ഫോസ്ഡിനോവിൽ നിന്നും ഈ സമൂഹ ത്തിലേക്ക് സ്ഥലം മാറ്റപ്പെട്ടു. അങ്ങനെ ഇവർ നാലു പേരാണ് ഇവിടുത്തെ ആദ്യ അംഗങ്ങൾ. സി. സീന യാണ് ആദ്യ സുപ്പീരിയർ.

2011 മാർച്ച് 30-ാം തീയതി അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവും മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവും ദിവ്യബലി അർപ്പിച്ച് വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. ബ്രദർ വിൻസെന്റും സെന്റ് ജോൺ ഓഫ് ഗോഡ് സഭയിലെ റോമിലുള്ള പ്രൊവിൻഷ്യൽ ഫാ. പിയാട്രോയും അസിസ്റ്റന്റ് ഫാ. ജെറാർഡോയും സ്ഥലം സുപ്പീരിയർ ഫാ. മൈക്കിളും ആശുപത്രി ചാപ്ല യിൻമാരായ വൈദികരും ആ ഹോസ്പിറ്റലിൽത്തന്നെ ജോലി ചെയ്യുന്ന പോർട്ടുഗീസ് സിസ്റ്റേഴ്സിന്റെ സമൂ ഹത്തിലെ എല്ലാവരും വെഞ്ചരിപ്പു കർമ്മത്തിലും തുടർന്നുള്ള അത്താഴവിരുന്നിലും പങ്കുചേർന്നു. നമ്മുടെ സഹോദരിമാർക്ക് താമസിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും സെന്റ് ജോൺ ഓഫ് ഗോഡ് സഭയിലെ ബ്രദേഴ്സാണ് ഒരുക്കി തന്നത്.

ഇന്ന് ഈ ഭവനത്തിന്റെ സുപ്പീരിയർ സി. ജൂബി ആണ്. സി. ജസ്റ്റിയും, സി. ജ്യോതിമരിയായും പാസ്റ്റർ കെയർ ചെയ്യുകയും, സി. ജെറീന നഴ്സിംഗ് പഠനം നടത്തുകയും ചെയ്യുന്നു. സി. മേഴ്സിലിറ്റ് മാക്കീൽ പിതാവിന്റെ നാമകരണനടപടിക്കായുള്ള റോമൻ പോസ്റ്റുലേറ്റിൽ കൊളാബൊറേറ്ററായും സി.റ്റെസ്ന നേഴ്സായും, സി. ആൻസ് മരിയ ഫോർമേഷൻ കോഴ്സ് പഠിക്കുകയും ചെയ്യുന്നു. മാക്കീൽ പിതാവിന്റെ നാമക രണ നടപടികൾ ചെയ്യുന്ന സിസ്റ്ററിന് ഇവിടെ താമസി ക്കാനും റോമിൽ പഠിക്കുന്ന സഹോദരിമാർക്ക് അവ ധിയ്ക്ക് ഇവിടെ വരുവാനും ഇവർ അവസരം നൽകിയിട്ടുണ്ട്. കൂടാതെ മിലാൻ പ്രൊവിൻസിലുള്ള ആശുപത്രിയിൽ സിസ്റ്റേഴ്സിന്റെ ആവശ്യം മനസ്സിലാ ക്കിയ അവിടുത്തെ അധികാരികൾ ഇവിടെ വന്ന് നമ്മെ പരിചയപ്പെടുകയും ബ്രദേഴ്സ് വഴി നമ്മോട് നിരന്തര മായും ആവശ്യപ്പെട്ടതുവഴി നമ്മുടെ അധികാരികൾ മിലാനിൽ ഒരു പുതിയ ഭവനം ആരംഭിക്കുകയും ചെയ്തു.

പെൺപൈതങ്ങളുടെ നൽവളർത്തൽ ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിനും ക്നാനായമക്കളെ അറിയു ന്നതിനും ഇവിടുത്തെ ക്നാനായ പള്ളിയുമായി സഹ കരിച്ച് വേദപാഠം പഠിപ്പിക്കുന്നതിനും നമ്മുടെ സിസ്റ്റേഴ്സ് ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ അതിരൂപതയിൽ നിന്നും റോമിൽ പഠിക്കുകയും ജോലിചെയ്യുകയും ചെയ്യുന്ന വൈദികർ, ബ്രദേഴ്സ്, സിസ്റ്റേഴ്സ് എന്നിവ രുമായും നല്ല ഒരു സൗഹൃദബന്ധം പുലർത്തുവാൻ നമുക്ക് സാധിക്കുന്നു.

# വിസിറ്റേഷൻ കോൺവെന്റ്

## എർബാ, മിലാൻ, ഇറ്റലി



നാൾവഴികളിലൂടെ...

**2016 മാർച്ച് 31 – താമസം തുടങ്ങി**

**ഇ**റ്റലിയിൽ മിലാൻ പ്രോവിൻസിലെ ജോൺ ഓഫ് ഗോഡ് ബ്രദേഴ്സിന്റെ ഹോളി ഫാമിലി ഹോസ്പിറ്റലിൽ 31-03-2016 ൽ തുടക്കം കുറിച്ച വിസിറ്റേൻ കോൺഗ്രിഗേ ഷന്റെ പുതിയ ശാഖയുടെ ഉറവിടങ്ങളിലേക്ക് ഒരു തീർത്ഥ യാത്ര.

അന്നത്തെ പ്രൊവിൻഷ്യലായിരുന്ന Fr. Massimo യും കൗൺസിലേഴ്സും ഒരു മീറ്റിംഗിൽ പങ്കെടുക്കുവാൻ

റോമിലെ പ്രൊവിൻഷ്യൽ ഹൗസിൽ ചെന്നപ്പോൾ അവിടുത്തെ ഹോസ്പിറ്റലിൽ ജോലിചെയ്യുന്ന നമ്മുടെ സിസ്റ്റേഴ്സിനെ കാണുകയും പരിചയപ്പെടുകയും ചെയ്തു. നമ്മുടെ സിസ്റ്റേഴ്സിന്റെ ശുശ്രൂഷയിൽ ആകൃഷ്ടരായ പ്രൊവിൻഷ്യലും, സുപ്പീരിയർ Bro. Guido യും മിലാനിലെ ERBA എന്ന കൊച്ചുഗ്രാമത്തിലും ഇവരുടെ ശുശ്രൂഷ ആഗ്രഹിച്ചു. അന്ന് റോമിലെ സുപ്പീരിയറായിരുന്ന സി. ജൂബിയോട് ഇക്കാര്യം പറയുകയും സുപ്പീരിയർ ജനറലായിരുന്ന സി. ആൻജോസിനെ ഈ വിവരം അറിയിക്കുകയും ചെയ്തു. അധികാരികളുടെ ആവശ്യപ്രകാരം സി. ജൂബി, സി. ജോസ്ന, സി. സെൽബി എന്നിവർ Erba ൽ ചെന്ന് സ്ഥലം കാണുകയും ബ്രദേഴ്സിനെക്കണ്ട് സംസാരിക്കുകയും ചെയ്തു. ഇത് ദൈവഹിതമാണെന്ന് ബോധ്യപ്പെട്ട അധികാരികൾ സി. ഷാനറ്റിന്റെ നേതൃത്വത്തിൽ സി. അലക്സീന, സി. റ്റെസീന എന്നിവരെ എർബായിലേക്ക് അയച്ചു.

മിലാൻ എയർപോർട്ടിൽ എത്തിയ ഇവരെ Fr. Giancarlo യും സ്വിറ്റ്സർലണ്ടിൽ നിന്നും എത്തിയ സി. സൈനായും ഹാർദ്ദവമായി സ്വീകരിക്കുകയും തുടർന്ന് ബ്രദർ Guido, Fr. Giancarlo, Bro. Pietro എന്നിവരുടെ സഹായ സഹകരണങ്ങളോടെ 31-3-2016 ൽ SVM ERBA രൂപം കൊള്ളുകയും ദൈവത്തിൽ പരിപൂർണ്ണമായി ആശ്രയിച്ചുകൊണ്ട് തങ്ങളുടെ പ്രേഷിത ശുശ്രൂഷ ആരംഭിക്കുകയും ചെയ്തു.

# കൗൺസിലിംഗ് സെന്റേഴ്സ്

## ജീവ – സെന്റർ ഫോർ കൗൺസിലിംഗ്, സൈക്കോതെറാപ്പി, ട്രെയിനിംഗ് ആന്റ് റിസേർച്ച്, കോട്ടയം

മനുഷ്യൻ ദൈവത്തിന്റെ ഏറ്റം ശ്രേഷ്ഠമായ സൃഷ്ടിയാണ്. ശരീരവും ആത്മാവും ബുദ്ധിയും മനസും വികാരവിചാരങ്ങളുമുള്ള ഒരു അമൂല്യ സൃഷ്ടി. മനുഷ്യന്റെ സ്വാഭാവികതയിൽ ഏറ്റം പ്രത്യേകമായി ശരീരവും മനസും പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടും സ്വാധീനിച്ചുമാണിരിക്കുന്നത്. ഇതിന്റെ അർത്ഥം 'ആരോഗ്യമുള്ള ശരീരത്തിൽ ആരോഗ്യമുള്ള മനസും ആരോഗ്യമുള്ള മനസിൽ ആരോഗ്യവുമുള്ള ശരീരവും' ഉണ്ടായിരിക്കും എന്നതാണ്.

ആധുനികതയുടെയും തിരക്കിട്ട ജീവിതസാഹചര്യങ്ങളുടെയും സമ്മർദ്ദങ്ങളിൽ ഇന്ന് നമ്മുടെ സമൂഹത്തിൽ ശാരീരിക മാനസിക ആരോഗ്യത്തിന്റെ കുറവ് അനുഭവിക്കുന്നതായി മനസിലാക്കിയ എസ്.വി.എം. സഭാ സമൂഹം അതിനു പരിഹാരമെന്നോണം ഒരു പുതിയ കാൽവെയ്പ്പിനു തയ്യാറായി. വ്യക്തികളുടെയും കുടുംബങ്ങളുടെയും സമഗ്രവളർച്ച ലക്ഷ്യം വച്ചുകൊണ്ട് 2004 ഒക്ടോബർ 30-ാം തീയതി അക്ഷരനഗരിയായ കോട്ടയത്തിന്റെ ഹൃദയഭാഗത്ത് ജീവ സൈക്കോതെറാപ്പി & കൗൺസലിംഗ് സെന്ററിനു ആരംഭം കുറിച്ചു. അന്നത്തെ സുപ്പീരിയർ ജനറൽ സി. പോളിൻ ആയിരുന്നു. കോട്ടയം സെന്റ് ആൻസ് സ്കൂളിന്റെ എതിർവശത്തുണ്ടായിരുന്ന കോട്ടയം അരമനയുടെ ഉടമസ്ഥതയിലായിരുന്ന കെട്ടിടത്തിലെ

**നാൾവഴികളിലൂടെ...**

2004 ഒക്ടോബർ 30 – വാടക കെട്ടിടത്തിൽ തുടക്കം

2013 – പുതിയ കെട്ടിടം വെഞ്ചിരിച്ച് ശുശ്രൂഷ ആരംഭിക്കുന്നു

